# അദ്ധ്യായം 1

# ലക്ഷ്യം

## 1. ലക്ഷ്യം

a. വിദ്യാർത്ഥികളുടെ വിജ്ഞാനവും കരവിരുതും വളർത്തിയെടുത്ത് ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ തിരിച്ചുവിട്ട് പഠനത്തോടൊപ്പം ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിനുവേണ്ട ആഭിമുഖ്യവും, അറിവും പകർന്നുകൊടുക്കുക എന്നതാണ് പ്രവൃത്തിപരിചയ പരിപാടിയുടെ പ്രഥമ ലക്ഷ്യം.

b. വിദ്യാർത്ഥികളുടെ കായിക, ബൗദ്ധിക, വൈകാരിക വളർച്ചക്ക് ഈ പരിപാടിയുടെ ആവശ്യകതയെക്കുറിച്ച് സമൂഹത്തിന് മനസ്സിലാക്കുവാനുള്ള അവസരം നൽകുക.

c. കഴിവുള്ളവർക്ക് പ്രചോദനവും, പ്രവൃത്തിപരിചയ പരിപാടിക്ക് വേണ്ടത്ര പ്രചാരവും കൊടുക്കുക.

പ്രവൃത്തിപരിചയ മേളയിൽ പ്രദർശന മത്സരം, നിർമ്മാണ മത്സരം, സെമിനാർ എന്നീ മൂന്നു കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2. മേളയുടെ നടത്തിപ്പ്

എല്ലാ വർഷവും സംസ്ഥാനതലത്തിൽ നടത്തുന്ന സ്കൂൾ പ്രവൃത്തി പരിചയമേളയോടൊപ്പംതന്നെ സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയ മേളയും നടത്തുന്നതായിരിക്കും.

1. വിദ്യാലയതലത്തിൽ
   a. പ്രൈമറി തലത്തിൽ
   b. ഹൈസ്കൂൾ തലത്തിൽ
2. സംസ്ഥാന തലത്തിൽ

## 3. പ്രദർശന മത്സരം

സംസ്ഥാനത്തെ എല്ലാ സ്പെഷ്യൽ സ്കൂളുകളിലും പ്രൈമറി വിഭാഗത്തിനും, ഹൈസ്കൂൾ വിഭാഗത്തിനും സംയുക്തമായി അനുബന്ധം 1(a), 2(a) പ്രകാരമുള്ള ഇനങ്ങളിൽ പ്രദർശന മത്സരം നടത്തുന്നതാണ്.

## 4. നിർമ്മാണ മത്സരം

ദൃശ്യ വൈകല്യമുള്ള പ്രൈമറി വിദ്യാർത്ഥികൾക്കും (1 മുതൽ 7 വരെ സ്റ്റാൻഡേർഡ്), ശ്രവണ വൈകല്യമുള്ള പ്രൈമറി വിദ്യാർത്ഥികൾക്കും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും പ്രത്യേകം മത്സരങ്ങൾ നടത്തുന്നതാണ്. ദൃശ്യവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുബന്ധം 1(b) പ്രകാരമുള്ള ഇനങ്ങളിലും, ശ്രവണവൈകല്യമുള്ള പ്രൈമറി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് അനുബന്ധം 2(b) പ്രകാരമുള്ള ഇനങ്ങളിലും മത്സരം നടത്തുന്നതാണ്.

നിർമ്മാണ മത്സരത്തിന് ആവശ്യമായ അസംസ്കൃതവസ്തുക്കളും പണിയായുധങ്ങളും മറ്റുപകരണങ്ങളും കുട്ടികൾ കൊണ്ടുവരേണ്ടതാണ്. മൂന്നു മണിക്കൂർ സമയമാണ് നിർമ്മാണ മത്സരത്തിന് അനുവദിച്ചിട്ടുള്ളത്. സ്കൂൾ തലത്തിലും, സംസ്ഥാന തലത്തിലും നടത്തുന്ന മത്സരങ്ങൾക്ക് ഇത് ബാധകമാണ്.

സ്കൂൾതല മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്ന കുട്ടികളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥിക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ട്. അവർ സ്കൂൾ തലത്തിൽ ഒന്നാം സമ്മാനമായി ലഭിച്ച സർട്ടിഫിക്കറ്റും, സ്കൂളിൽ നിന്നും ലഭിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും (മാതൃക അനുബന്ധം 5-ൽ കൊടുത്തിട്ടുണ്ട്), രജിസ്ട്രേഷനും, മത്സരവേദിയിലും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. സംസ്ഥാനതല പ്രദർശന മത്സരത്തിൽ പങ്കെടുക്കാത്ത വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് നിർമ്മാണ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

## 5. സെമിനാർ

വിദ്യാഭ്യാസത്തിൽ പ്രവൃത്തിപരിചയത്തിന്റെ ആവശ്യകത, ഉദ്ദേശലക്ഷ്യങ്ങൾ, നടപ്പാക്കൽ, മൂല്യനിർണ്ണയം, മനഃശാസ്ത്രപരമായ സമീപനം, അടിസ്ഥാനാവശ്യങ്ങളുമായി ബന്ധപ്പെടുത്തൽ ഇത്യാദി കാര്യങ്ങളെക്കുറിച്ച് വിശദമായ ചർച്ചക്ക് കളമൊരുക്കുന്ന ഒരു വേദിയായി വേണം സെമിനാറിനെ കണക്കിലെടുക്കേണ്ടത്. ഈ മേഖലയിലെ പ്രഗത്ഭരുടെ സേവനം ഈ ആവശ്യത്തിന് തേടേണ്ടതുണ്ട്. സംസ്ഥാനതല സ്കൂൾ പ്രവൃത്തിപരിചയമേളയിൽ നടത്തുന്ന സെമിനാറിനോടൊപ്പം സ്പെഷ്യൽ സ്കൂളുകളും പങ്കുചേരേണ്ടതാണ്.

## 6. മൂല്യനിർണ്ണയമാനദണ്ഡം

പ്രദർശന, നിർമ്മാണ മത്സര ഇനങ്ങളിൽ പ്രാവീണ്യമുള്ളവരും പ്രഗത്ഭരുമായ ജഡ്ജിമാരെ മൂല്യനിർണ്ണയത്തിനായി ചുമതലപ്പെടുത്തണം. ഒരിനത്തിന് കുറഞ്ഞത് മൂന്നുപേരെങ്കിലും മൂല്യനിർണ്ണയം നടത്തേണ്ടതാണ്.

ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും.



മാനദണ്ഡം

(a) ഉൽപ്പന്നം തയ്യാറാക്കുന്നതിലുള്ള അദ്ധ്വാനഭാരവും അതിൽ കുട്ടിയുടെ പങ്കും 40%

(b) ഉൽപ്പന്നം തയ്യാറാക്കുന്നതിലുള്ള വൈദഗ്ധ്യവും പൂർത്തീകരണവും 25%

(c) ഉൽപ്പന്നം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചുമുള്ള അറിവ് 20%

(d) തയ്യാറാക്കുന്ന ഉൽപ്പന്നത്തിന്റെ സാമൂഹ്യ പ്രയോജനം, സവിശേഷത, വിൽപനക്കുള്ള നിലവാരം 15%

---------------------

ആകെ മാർക്ക് 100

=================

22-11-2006-ലെ ഗവണ്മെന്റ് ഉത്തരവ് നമ്പർ 60613/എൻ3/06/പൊ.വി. പ്രകാരം സംസ്ഥാനതല നിർമ്മാണ മത്സരത്തിൽ പങ്കെടുക്കുന്ന 10-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മൂല്യ നിർണ്ണയത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡും ഗ്രേസ് മാർക്കും അനുവദിച്ച് ഉത്തരവായിരിക്കുന്നു.

| മാർക്ക് | ഗ്രേഡ് | ഗ്രേസ് മാർക്ക് |
|---|---|---|
| 75 ന് മുകളിൽ | A | 30 |
| 60 മുതൽ 74 വരെ | B | 24 |
| 45 മുതൽ 59 വരെ | C | 18 |
| 30 മുതൽ 44 വരെ | D | 12 |
| 30 താഴെ | E | 06 |

(മൂല്യ നിർണ്ണയ ഷീറ്റിന്റെ മാതൃക അനുബന്ധം 5(എ), 5(ബി) യിൽ കൊടുത്തിട്ടുണ്ട്.)

കുറിപ്പ്

1. അനുബന്ധം 1(a), 1(b), 2(a), 2(b) ഇവയിലെ ഇനങ്ങൾക്ക് മാറ്റങ്ങൾ വരുത്താവുന്നതാണ്. അപ്രകാരം മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം വിദ്യാലയ വർഷാരംഭത്തിൽ തന്നെ എല്ലാ വിദ്യാലയങ്ങളേയും, ഡി.ഇ.ഒ., എ.ഇ.ഒ. തുടങ്ങിയ ഓഫീസുകളേയും ഡി.പി.ഐ. ഓഫീസിൽ നിന്നും അറിയിക്കുന്നതാണ്.
2. ഒരിനത്തിൽ ഒന്നാം സ്ഥാനത്തേക്ക് തുല്യ മാർക്കുകൾ വരികയാണെങ്കിൽ (സ്കൂൾ തലത്തിൽ) ആ ഇനത്തിലെ മൂല്യ നിർണ്ണയ മാനദണ്ഡം (a)-യിൽ നേടിയിട്ടുള്ള മാർക്കു കൂടി കൂട്ടിക്കിട്ടിയ മാർക്ക് പരിഗണിച്ച് ഒന്നാം സ്ഥാനത്തെത്തിയ വിദ്യാർത്ഥിയെ സംസ്ഥാനതല മത്സരത്തിലേക്ക് പരിഗണിക്കേണ്ടതാണ്.
3. പ്രൈമറി സ്കൂൾ വിഭാഗത്തിൽ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുകൾ ഉൾപ്പെടുന്നു.

*************************



# അദ്ധ്യായം - 2

# ഏകദിന സ്കൂൾതല പ്രവൃത്തിപരിചയ മേള

അനുബന്ധം 1(a), 2(a) പ്രകാരമുള്ള ഇനങ്ങളിൽ പ്രദർശന മത്സരവും 1(b) പ്രകാരമുള്ള ഇനങ്ങളിൽ ദൃശ്യവൈകല്യമുള്ള പ്രൈമറി വിദ്യാർത്ഥികൾക്കും 2(b) പ്രകാരമുള്ള ഇനങ്ങളിൽ ശ്രവണവൈകല്യമുള്ള പ്രൈമറി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും പ്രത്യേകമായി നിർമ്മാണമത്സരങ്ങളും നടത്തണം. അനുബന്ധത്തിൽ ഉൾപ്പെടാത്ത ഒരിനവും മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളതല്ല. എല്ലാ വർഷവും സെപ്തംബർ 30-ന് മുമ്പ് സ്കൂൾതല മേള നടത്തിയിരിക്കണം. മത്സരദിവസം തന്നെ സെമിനാറും നടത്താവുന്നതാണ്. നിർമ്മാണ മത്സരസമയം 3 മണിക്കൂർ മാത്രമായിരിക്കും.

## 2.1. നടത്തിപ്പ് കമ്മിറ്റി

സ്കൂൾതല പ്രവൃത്തിപരിചയ കമ്മിറ്റിയായിരിക്കും നടത്തിപ്പിന്റെ ചുമതല വഹിക്കേണ്ടത്. സ്കൂൾതല കമ്മിറ്റിയുടെ ഘടന താഴെക്കൊടുക്കുന്നു.

| | |
|---|---|
| പ്രഥമാദ്ധ്യാപകൻ | ചെയർമാൻ |
| രക്ഷാകർത്തൃ സംഘടന പ്രസിഡന്റ്, മാതൃസംഗമം പ്രസിഡന്റ് | വൈസ് ചെയർമാൻ |
| പ്രവൃത്തിപരിചയത്തിൽ പരീശിലനം സിദ്ധിച്ച അദ്ധ്യാപകൻ അഥവാ അത്തരം പ്രവർത്തനങ്ങളോട് താൽപര്യമുള്ള അദ്ധ്യാപകൻ | കൺവീനർ |
| ഒരു രക്ഷാകർത്തൃ സംഘടനാ പ്രതിനിധി | അംഗം |
| രണ്ട് സഹാദ്ധ്യാപകർ | അംഗങ്ങൾ |
| രണ്ട് വിദ്യാർത്ഥികൾ | അംഗങ്ങൾ |

(ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ, അഞ്ച് കമ്മിറ്റി അംഗങ്ങൾ)

## 2.2. പ്രവേശന യോഗ്യത

ദൃശ്യവൈകല്യമുള്ള പ്രൈമറി വിദ്യാർത്ഥികൾക്കും ശ്രവണവൈകല്യമുള്ള എല്ലാ പ്രൈമറി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും മേളയിലെ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളു.

## 2.3. പ്രവേശന ഫീസ്

പ്രവേശനത്തിന് ഫീസ് ഈടാക്കേണ്ടതില്ല.

## 2.4. ജഡ്ജിമാരും മൂല്യനിർണ്ണയവും

ഓരോ മത്സരയിനത്തിലും പ്രാവീണ്യമുള്ള വ്യക്തികളെ മാത്രം ജഡ്ജിമാരായി നിശ്ചയിക്കുവാൻ പ്രഥമാദ്ധ്യാപകൻ ശ്രദ്ധിക്കണം. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

അദ്ധ്യായം 1(6) പ്രകാരം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. സ്കോർഷീറ്റിന്റെ മാതൃക അനുബന്ധം 3(എ), 3(ബി)-യിൽ കൊടുത്തിട്ടുണ്ട്.

ദൃശ്യവൈകല്യമുള്ള പ്രൈമറി വിദ്യാർത്ഥികൾക്കും, ശ്രവണവൈകല്യമുള്ള പ്രൈമറി, ഹൈസകൂൾ വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്.

## 2.5. സർട്ടിഫിക്കറ്റ്

പ്രദർശനമത്സരം ക്ലാസ്സുകൾ / ഹൗസുകൾ തമ്മിലും, നിർമ്മാണമത്സരം വിദ്യാർത്ഥികൾ തമ്മിലും (individual) ആയിരിക്കും. പ്രദർശനമത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന ക്ലാസ്സുകൾക്കും / ഹൗസുകൾക്കും, നിർമ്മാണമത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും ആണ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടത്. ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

പ്രദർശനമത്സരങ്ങളിൽ എല്ലാ ഇനങ്ങളിലും കുടി ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രദർശനമത്സരത്തിനുള്ള സമ്മാനവും, നിർമ്മാണമത്സരങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ക്ലാസ്സിന് / ഹൗസിന് നിർമ്മാണമത്സരങ്ങളുടെ ഒന്നാം സ്ഥാനവും നൽകണം. ഇതിനു പുറമേ പ്രദർശന മത്സരങ്ങളിലും നിർമ്മാണമത്സരങ്ങളിലും കുടി ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ക്ലാസ്സിന് / ഹൗസിന് സംയുക്ത നിർമ്മാണ-പ്രദർശന മത്സര സർട്ടിഫിക്കറ്റും കൊടുക്കേണ്ടതാണ്. ഒരു പൊതുചടങ്ങിൽവച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണ്.

## 2.6. വിജയികളുടെ വിവരവും റിപ്പോർട്ടും

സ്കൂൾതല നിർമ്മാണമത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് നേരിട്ട് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ദൃശ്യവൈകല്യമുള്ള പ്രൈമറി വിഭാഗം, ശ്രവണവൈകല്യമുള്ള പ്രൈമറി വിഭാഗം, ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികളുടെ സംസ്ഥാനതല മത്സരങ്ങളിലേക്കുള്ള പ്രത്യേകം എൻട്രി ഫോമുകൾ എല്ലാ വർഷവും ഒക്ടോബർ 25-



നു മുമ്പായി മേള നടക്കുന്ന ജില്ലയിലെ ജനറൽ കൺവീനർക്കും ഒരു പകർപ്പ് ഡി.പി.ഐ. ഓഫീസിലെ പ്രവൃത്തിപരിചയ സ്പെഷ്യൽ ഓഫീസർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

എൻട്രി ഫോമുകളുടെ മാതൃക അനുബന്ധം 3(a), 4(a), 3(b), 4(b) എന്നിവ പ്രകാരമായിരിക്കണം.

........................

## അദ്ധ്യായം - 3

# കേരള സ്പെഷ്യൽസ്കൂൾ സംസ്ഥാനതല പ്രവൃത്തിപരിചയമേള

സംസ്ഥാനതലത്തിൽ നടത്തുന്ന നാലു ദിവസത്തെ സംസ്ഥാനസ്കൂൾ പ്രവൃത്തിപരിചയമേളയോടൊപ്പംതന്നെ സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയ മേളയും നടത്തേണ്ടതാണ്. എല്ലാ വർഷവും നവംബർ മാസം ഒന്നാമത്തെ ആഴ്ചയിലാണ് മേള നടത്തുന്നത്, സ്ഥലവും തീയതിയും മറ്റും വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിക്കും. ഓരോ വിദ്യാലയവർഷത്തിലും ഒക്ടോബർ മാസത്തിൽ സംസ്ഥാന പ്രവൃത്തിപരിചയമേളയ്ക്കുള്ള പ്രരംഭനടപടികൾ ആരംഭിക്കേണ്ടതാണ്. മേള നടക്കുന്ന ജില്ലയിലെ പാർലമെന്റംഗങ്ങൾ, നിയമ സഭാ സാമാജികർ, ജില്ലാ കളക്ടർ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് അധികൃതർ, എല്ലാ വകുപ്പുകളിലേയും ജില്ലാതല ഉദ്യാഗസ്ഥർ, അദ്ധ്യാപക-രക്ഷകർതൃ സംഘടനാപ്രതിനിധികൾ, പൗരപ്രമാണിമാർ, പത്ര പ്രതിനിധികൾ, പ്രവൃത്തിപരിചയ പരിപാടിയുമായി ബന്ധപ്പെട്ട അദ്ധ്യാപകരും മറ്റു വ്യക്തികളും, പ്രവൃത്തിപരിചയ സ്പെഷ്യൽ ഓഫീസറും, ഉദ്യോഗസ്ഥരും, സ്പെഷ്യൽ സ്കൂളിലെ പ്രഥമാദ്ധ്യാപകർ, പ്രവൃത്തിപരിചയ അദ്ധ്യാപകർ തുടങ്ങിയവരുടെ പൊതുയോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഒരു സംഘാടക കമ്മിറ്റി രൂപികരിക്കേണ്ടതാണ്. ഇതിനു പുറമേ മേളയുടെ സുഗമമായ നടത്തിപ്പിന് വിവിധ സബ്കമ്മിറ്റികളും രൂപീകരിക്കേണ്ടതുണ്ട്.

### 3.1. സംഘാടക കമ്മിറ്റി

സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയമേളയുടെ സംഘാടകക്കമ്മിറ്റി തന്നെയായിരിക്കണം സ്പെഷ്യൽസ്കൂൾ മേളയുടെയും ചുമതലകൾ വഹിക്കേണ്ടത്.

#### 3.1.1. കമ്മിറ്റിയുടെ ഘടന

| | |
|---|---|
| രക്ഷാധികാരികൾ | സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള സമുന്നതൻമാർ |
| പ്രസിഡണ്ട് | പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| വൈസ് പ്രസിഡണ്ടുമാർ | പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ |
| | പൊതു വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ |



| | |
|---|---|
| | പ്രവൃത്തിപരിചയ സ്പെഷ്യൽ ഓഫീസർ |
| | പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ് |
| | സ്പെഷ്യൽ സ്കൂളുകളുടെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ |
| ജനറൽ കൺവീനർ | മത്സരം നടത്തുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| ജോയിന്റ് കൺവീനർ | ജില്ലയിലെ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ |
| | മത്സരം നടത്തുന്ന മേഖലയിലെ പ്രവൃത്തി പരിചയ റീജിയണൽ ഫോർമാൻ |
| | മേള നടത്തുന്ന സ്കൂളുകളിലെ പി.ടി.എ. പ്രസിഡണ്ട് / മാനേജർ |
| | മേള നടത്തുന്ന സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ |
| | റവന്യൂ ജില്ലയിലെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ |
| ട്രഷറർ | മത്സരം നടക്കുന്ന വിദ്യാഭ്യാസ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടാറാഫീസിലുള്ള അക്കൗണ്ട്സ് ഓഫീസർ |
| അംഗങ്ങൾ | എല്ലാ സബ് കമ്മിറ്റികളുടെയും കൺവീനർമാർ |
| | മറ്റു രണ്ടു റീജിയണുകളിലെ പ്രവൃത്തിപരിചയ റീജിയണൽ ഫോർമാൻമാർ |

#### 3.1.2. ചുമതലകൾ

- വിവിധ സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- സംസ്ഥാന പ്രവൃത്തിപരിചയമേളയുടെ പൂർണ്ണ ഉത്തരവാദിത്വം.
- പ്രവൃത്തി പരിചയമേളയുടെ നടത്തിപ്പിനാവശ്യമായ ബഡ്ജറ്റ് തയ്യാറാക്കൽ.
- വിവിധ സബ് കമ്മിറ്റികൾക്ക് വേണ്ടതുക അനുവദിക്കൽ.
- സംസ്ഥാന പ്രവൃത്തിപരിചയ മേളയോടനുബന്ധിച്ചുള്ള സ്പെഷ്യൽ സ്കൂൾ പ്രവൃത്തി പരിചയമേളയുടെയും ചുമതല വഹിക്കൽ.

- പ്രവൃത്തിപരിചയമേളയുടെ ഫിനാൻസ് കമ്മിറ്റി തയ്യാറാക്കുന്ന വരവു ചെലവു കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിക്കൽ.

## 3.2. വിവിധ സബ്കമ്മിറ്റികളും ചുമതലകളും

ഭക്ഷ്യ കമ്മിറ്റി, രജിസ്ട്രേഷൻ കമ്മിറ്റി, അക്കോമഡേഷൻ കമ്മിറ്റി, യാത്രാ കമ്മിറ്റി, പ്രദർശന കമ്മിറ്റി, നിർമ്മാണമത്സര കമ്മിറ്റി തുടങ്ങിയ കമ്മിറ്റികളിൽ സ്പെഷ്യൽ സ്കൂളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതാണ്.

മേളയുടെ എല്ലാ സബ്കമ്മിറ്റികളും സ്പെഷ്യൽ സ്കൂൾ മേളയുടെ ചുമതലകളും വഹിക്കേണ്ടതാണ്.

### 3.2.1. സ്വീകരണ കമ്മിറ്റി

പ്രവൃത്തിപരിചയ മേളയുടെ ഉത്ഘാടനം, സമാപനം തുടങ്ങിയ പ്രധാനപ്പെട്ട ചടങ്ങുകൾക്ക് അതിഥികളെ ക്ഷണിക്കുക, ചടങ്ങുകൾ ഭംഗിയായി നടത്തുക, ക്ഷണിക്കപ്പെടേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക, ക്ഷണക്കത്തുകൾ അച്ചടിച്ച് വിതരണം ചെയ്യുക.

അതിഥികളേയും ജഡ്ജിമാരേയും സ്വീകരിക്കുക. വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെ സ്വീകരിക്കുക.

### 3.2.2. ഭക്ഷ്യകമ്മിറ്റി

സംസ്ഥാന പ്രവൃത്തിപരിചയ മേളയിലും, സ്പെഷ്യൽ സ്കൂൾ മേളയിലും മത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന വിദ്യാർത്ഥികൾ, അവരെ അനുഗമിക്കുന്ന അദ്ധ്യാപകർ, പ്രധാന അതിഥികൾ, മത്സരങ്ങളിൽ ജഡ്ജിമാരായി വരുന്നവർ, ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ, സന്നദ്ധസേവകർ, നടത്തിപ്പുകാർ എന്നിവർക്കെല്ലാം വേണ്ട ഭക്ഷണം മേളസ്ഥലത്തു നൽകുക. നിർമ്മാണ മത്സരം നടക്കുന്ന സ്കൂളിൽ മത്സരാർത്ഥികൾ, ജഡ്ജിമാർ, വോളന്റിയർമാർ, ഇൻവിജിലേറ്റർമാർ തുടങ്ങിയവർക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുക.

<u>കുറിപ്പ്</u>

സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുവാൻ പ്രത്യേക സൗകര്യം ചെയ്തുകൊടുക്കുവാൻ ഭക്ഷ്യ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 3.2.3. പ്രചാരണ കമ്മിറ്റി

സംസ്ഥാന പ്രവൃത്തിപരിചയമേളയെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അർഹമായ പ്രചാരണം നൽകുകയാണ് ഈ കമ്മറ്റിയുടെ മുഖ്യ ചുമതല. വർത്തമാനപത്രങ്ങൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ, ആൾ ഇന്ത്യ റേഡിയോ, ദൂരദർശൻ, മറ്റു ടി.വി. ചാനലുകൾ തുടങ്ങിയ ബഹുജന മാദ്ധ്യമ



ഏജൻസികളെ സമീപിച്ചും പ്രസ്സ് കോൺഫറൻസ് നടത്തിയും മറ്റും ഇത് നിർവ്വഹിക്കേണ്ടതാണ്.

### 3.2.4. നിയമപാലക കമ്മിറ്റി

സംസ്ഥാന പ്രവൃത്തിപരിചയമേള സ്ഥലത്ത് അച്ചടക്കവും ചിട്ടയും നടപ്പാക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ കർത്തവ്യം. സ്ഥലം പോലീസ് ഉദ്യോഗസ്ഥൻമാർ, എൻ.സി.സി., സ്കൗട്ട്, ഗൈഡ് എന്നിവരുടേയും പ്രാദേശികമായി ലഭിക്കാവുന്ന സന്നദ്ധസംഘടനകളുടേയും, അദ്ധ്യാപകരുടേയും, പൗരമുഖ്യൻമാരുടേയും, സേവനവും സഹകരണവും കമ്മിറ്റി സാദ്ധ്യമാക്കേണ്ടതാണ്.

### 3.2.5. വെൽഫെയർ കമ്മിറ്റി

പ്രവൃത്തിപരിചയമേളയിൽ പങ്കെടുക്കുന്നവരുടേയും ഭാരവാഹികളുടേയും ക്ഷേമാന്വേഷണവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതല. പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമ ശുശ്രൂഷയും കിട്ടുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ താമസസ്ഥലത്തും മത്സരം നടത്തുന്ന സ്ഥലത്തും ഭക്ഷണശാലയിലും ശുചീകരണത്തിനു വേണ്ട നടപടികൾ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണം ആവശ്യപ്പെടാവുന്നതാണ്.

### 3.2.6. രജിസ്ട്രേഷനും അക്കോമഡേഷനും

മത്സരാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക. ജില്ലകളിൽ നിന്നും വരുന്നവർക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടി (വെള്ളം, വെളിച്ചം, കുളി മുറി, കക്കൂസുകൾ തുടങ്ങിയവ) താമസസ്ഥലം ഏർപ്പാടാക്കുക. ജഡ്ജിമാർക്കും അതിഥികൾക്കും ആവശ്യമായ താമസസൗകര്യങ്ങൾ മുൻകൂട്ടി ഏർപ്പാടാക്കുക.

മേളയുടെ രണ്ടാം ദിവസം എത്തുന്ന സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളെ രജിസ്റ്റർ ചെയ്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക താമസസൗകര്യം ഏർപ്പെടുത്തുക. അതാതുസമയം ആവശ്യമായ ഭക്ഷണ കൂപ്പണുകൾ സംഘം നേതാക്കൾക്ക് നൽകുക.

<u>കുറിപ്പ്</u>

ദൃശ്യ-ശ്രവണ വൈകല്യമുള്ള സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകി ഉചിതമായ താമസസ്ഥലം ഏർപ്പെടുത്തേണ്ടതാണ്. സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയ മേളയിലെ രജിസ്ട്രേഷൻ, മേളയുടെ രണ്ടാം ദിവസം നടക്കുന്ന സംസ്ഥാന സ്കൂൾ നിർമ്മാണമത്സരങ്ങൾക്കു ശേഷമായിരിക്കും.

ജഡ്ജിമാരുടെ താമസസൗകര്യം Evaluation കമ്മിറ്റി കൺവീനറായ പ്രവൃത്തിപരിചയ സ്പെഷ്യൽ ഓഫീസറുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

### 3.2.7. യാത്രാകമ്മിറ്റി

ജില്ലകളിൽ നിന്നും മേളക്കെത്തുന്ന സംഘങ്ങൾക്കും ജഡ്ജിമാർക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തിയിരിക്കണം. റയിൽവേ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതു സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ തുടങ്ങിയവരെ സമീപിച്ച് മത്സര സ്ഥലങ്ങളിലേക്കും അവിടെനിന്ന് തിരികേയും പ്രത്യേകം സർവ്വീസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്വന്തമായി വാഹനസൗകര്യമില്ലാത്ത സ്പെഷ്യൽ സ്കുളുകളിൽ നിന്നും വരുന്നവർക്ക് വാഹനസൗകര്യം പ്രത്യേകം പരിഗണിക്കണം.

### 3.2.8. പ്രദർശനമത്സര കമ്മിറ്റി

സംസ്ഥാന സ്കൂൾ പ്രവൃത്തിപരിചയമേളയുടെ പ്രദർശനമത്സര കമ്മിറ്റിക്കായിരിക്കും സ്പെഷ്യൽ സ്കൂൾ മേളയുടേയും നടത്തിപ്പിന്റെ ചുമതല.

പ്രദർശന മത്സരത്തിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക. രജിസ്ട്രേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഇനങ്ങളുടെ ഏകദേശ രൂപവും, വലിപ്പവും മനസ്സിലാക്കി സ്റ്റാളുകൾ സൗകര്യപ്പെടുത്തുക. വിവിധ ജില്ലകളിൽ നിന്നും വരുന്നവരുടെ പ്രദർശന വസ്തുക്കൾ സുക്ഷിക്കുന്നതിനും, സ്റ്റാളുകൾ പൂട്ടിക്കൊണ്ടുപോകുന്നതിനുമുള്ള സൗകര്യം സജ്ജമാക്കുക.

ജഡ്ജിമാർക്ക് സ്റ്റാളുകളിൽ മൂല്യനിർണ്ണയത്തിന് സൗകര്യം ലഭ്യമാക്കുക.

പ്രദർശന സ്റ്റാളുകൾ സന്ദർശിക്കാനെത്തുന്ന പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, മുതലായവർക്ക് തിരക്കില്ലാതെ എല്ലാ സ്റ്റാളുകളും കാണുന്നതിന് സൗകര്യപ്രദമായ രീതിയിൽ വഴി ഉണ്ടാക്കികൊടുക്കുക.

<u>കുറിപ്പ്</u>

ജനറൽ സ്കുളുകൾക്കും സ്പെഷ്യൽ സ്കുളുകൾക്കും വെവ്വേറെ പ്രദർശന സ്റ്റാളുകൾ സൗകര്യപ്പെടുത്തേണ്ടതാണ്. ജില്ലകളുടെ പേര് സ്റ്റാളിന്റെ ഒരു സ്ഥലത്തും പ്രദർശിപ്പിക്കരുത്.

ഓരോ ജില്ലയ്ക്കും പ്രത്യേകം കോഡ് നമ്പർ എക്സിബിഷൻ കമ്മിറ്റി നൽകേണ്ടതാണ്. കോഡ് നമ്പരുകൾ ജഡ്ജ്മെന്റിന് വരുന്നവർക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

### 3.2.9. നിർമ്മാണമത്സര കമ്മിറ്റി

കേരളാ സ്കൂൾ സംസ്ഥാനതല പ്രവൃത്തിപരിചയ മേളയോടൊപ്പം നടത്തുന്ന സ്പെഷ്യൽ സ്കൂൾ മേളയിലെ നിർമ്മാണമത്സരം മേളയുടെ മൂന്നാം ദിവസമായിരിക്കും. ഇതിന്റെ ചുമതല സംസ്ഥാന സ്കൂൾ മേളയുടെ നിർമ്മാണ മത്സര കമ്മിറ്റി തന്നെയായിരിക്കും വഹിക്കേണ്ടത്.

മത്സരങ്ങൾ നടത്തുന്നതിന് സ്ഥാനങ്ങൾ നിശ്ചയിക്കുക. ഒരിനം ഒരു സ്റ്റാളിൽ വെച്ചുതന്നെ നടത്തുന്നതിന് സൗകര്യം ഉണ്ടാക്കുക. (രജിസ്ട്രേഷൻ



കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഓരോ ഇനത്തിലും മത്സരിക്കുന്ന കുട്ടികളുടെ എണ്ണവും സ്റ്റാളിന്റെ ഏകദേശ വലിപ്പവും നിശ്ചയിക്കാം.), ആവശ്യമായ വൈദ്യുതി, വെള്ളം, വെളിച്ചം മുതലായവ സൗകര്യപ്പെടുത്തുക. ഓരോ ഇനത്തിലും മത്സരിക്കുന്ന കുട്ടികൾക്ക് പ്രത്യേകം Chest No.-കൾ കൊടുക്കുക.

ഓരോ മത്സരയിനത്തിനും രണ്ട് ഇൻവിജിലേറ്റർമാരെ കൊടുക്കുക, ഇൻവിജിലേറ്റർമാർക്ക് മത്സരത്തെക്കുറിച്ചും മത്സരസ്ഥലത്ത് അവർ പ്രവർത്തിക്കേണ്ട രീതിയെക്കുറിച്ചും നിർദ്ദേശം നൽകുക, മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ, ഇൻവിജിലേറ്റർമാർ, ജഡ്ജിമാർ എന്നിവർക്ക് ആവശ്യമായ കുടിവെള്ളവും, ഭക്ഷണവും നൽകുക.

ജഡ്ജിമാർക്ക് മൂല്യനിർണ്ണയം നടത്തുവാൻ പ്രത്യേകം സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

മത്സരാർത്ഥികൾക്ക് മാത്രമേ അകത്ത് പ്രവേശനം അനുവദിക്കാവൂ.

<u>കുറിപ്പ്</u>

മത്സരത്തിന് അരമണിക്കൂർ മുൻപുതന്നെ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ മുതലായവയോടെ വിദ്യാർത്ഥികൾ നിശ്ചയിച്ച സ്ഥലത്ത് എത്തേണ്ടതാണ്.

ഓരോ മത്സരയിനവും നടത്തുവാൻ നിശ്ചയിച്ച സ്ഥലത്തിന് മുൻപിൽ ഇനത്തിന്റെ പേര് എഴുതി വയ്ക്കണം.

മത്സരം ആരംഭിക്കുന്നതിനു മുൻപ് വിദ്യാർത്ഥികൾക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ഒരിനത്തിൽ ഒരു അദ്ധ്യാപകന് / അദ്ധ്യാപികക്ക് 15 മിനിറ്റ് സമയം ലഭിക്കുന്നതാണ്.

### 3.2.10. സെമിനാർ കമ്മിറ്റി

പ്രഗൽഭരായ വ്യക്തികളെ ഇതിന് വേണ്ടി നിശ്ചയിക്കുകയും ക്ഷണിക്കുകയും ചെയ്യുക. സെമിനാറിന്റെ പ്രോഗ്രാം ഉണ്ടാക്കുക. സെമിനാർ നടത്തുന്നതിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുക. പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട വിഷയം തെരഞ്ഞെടുക്കുക. വിവിധ വിദ്യാഭ്യാസ ജില്ലകളിൽ നിന്നും വന്നിട്ടുള്ള അദ്ധ്യാപകരേയും മേള നടക്കുന്ന ജില്ലയിലെ അദ്ധ്യാപകരേയും, അദ്ധ്യാപക-വിദ്യർത്ഥികളേയും പങ്കെടുപ്പിച്ച് സെമിനാർ വിജയിപ്പിക്കേണ്ടതാണ്.

### 3.2.11. ഇവാലുവേഷൻ കമ്മിറ്റി

സംസ്ഥാന പൊതുവിദ്യാഭ്യാസ ഡയറക്ടാറാഫീസിലെ പ്രവൃത്തിപരിചയ വിഭാഗം സ്പെഷ്യൽ ഓഫീസർ ആയിരിക്കും ഈ കമ്മിറ്റിയുടെ ചെയർമാൻ. ഈ കമ്മിറ്റിയുടെ കൺവീനർ ചെയർമാൻ നോമിനേറ്റു ചെയ്യുന്ന വ്യക്തിയായിരിക്കും. എല്ലാ റീജിയണൽ ഫോർമാൻമാരും കമ്മിറ്റി അംഗങ്ങളായിരിക്കും. കൂടുതൽ അംഗങ്ങളെ ആവശ്യമെങ്കിൽ കൺവീനർക്ക് നോമിനേറ്റ് ചെയ്യാവുന്ന

താണ്. ഓരോ ഇനങ്ങളിലും പ്രാവീണ്യമുള്ളവരെ വേണം ജഡ്ജിമാരായി നിയമിക്കേണ്ടത്. എല്ലാ റീജിയണൽ ഫോർമാൻമാരും, യൂണിറ്റിലുള്ള മറ്റു സാങ്കേതിക പരിശീലനം നേടിയവരും എല്ലാ ഇനങ്ങളുടേയും മൂല്യനിർണ്ണയം നടത്തുന്നതിന് അർഹതയുള്ളവരായിരിക്കും.

ജഡ്ജിമാരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി നിശ്ചയിച്ച് ക്ഷണിക്കുക, ഇവാലുവേഷന് വേണ്ട സ്കോർ ഷീറ്റുകൾ, മത്സര ഇനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ മുതലായവ അച്ചടിച്ച് വിതരണം ചെയ്യുക, ടാബുലേഷൻ ജോലിയും ഫലപ്രഖ്യാപനവും നടത്തുക എന്നിവ ഈ കമ്മിറ്റിയുടെ ചുമതലയാണ്.

ഒരു ഇനം മൂല്യ നിർണ്ണയം നടത്തുന്നതിന് മൂന്നു ജഡ്ജിമാരെങ്കിലും ഉണ്ടായിരിക്കണം. ഒരു ജഡ്ജിക്ക് ഒന്നിൽക്കൂടുതൽ ഇനങ്ങൾ മൂല്യനിർണ്ണയം നടത്താം. ഏതെങ്കിലും ഒരിനത്തിൽ ഒരാൾ മാത്രമേ മത്സരരംഗത്തുള്ളുവെങ്കിലും അതും മൂല്യനിർണ്ണയം നടത്തി ഗ്രേഡ് പ്രഖ്യപിക്കേണ്ടതുണ്ട്.

<u>കുറിപ്പ്</u>

ജഡ്ജിമാരായി പ്രവർത്തിക്കുന്നവർക്ക് വിദ്യാഭ്യാസ ഡയറക്ടർ തീരുമാനിക്കുന്ന തുക ഓണറേറിയമായും യാത്രാബത്തയായും നൽകേണ്ടതാണ്. അവർക്ക് താമസവും ഭക്ഷണവും സൗജന്യമായിരിക്കും.

### 3.2.12. വിവിധ കലാപരിപാടി കമ്മിറ്റി

പ്രവൃത്തിപരിചയമേള ഉത്ഘാടനത്തോടനുബന്ധിച്ച് നടത്തുന്ന പരിപാടികൾക്ക് വേണ്ടത്ര കൊഴുപ്പ് കൊടുക്കുന്ന തരത്തിൽ കലാപരിപാടികൾ ആസുത്രണം ചെയ്യേണ്ടതും നടത്തേണ്ടതും ഈ കമ്മിറ്റിയുടെ ചുമതലയാണ്. കൂടാതെ 1, 2, 3 ദിവസങ്ങളിൽ ഉചിതമായ കലാപരിപാടികൾ പ്രദർശന സമയത്തിനുശേഷം നടത്തേണ്ടതാണ്.

### 3.2.13. പന്തൽ, ശബ്ദം, വെളിച്ചം, ഇരിപ്പിടം എന്നിവയ്ക്കുള്ള കമ്മിറ്റി

മേളയുടെ ഉത്ഘാടന ചടങ്ങിനും മറ്റു കലാപരിപാടികൾക്കും അനുയോജ്യമായ തരത്തിൽ പന്തൽ അഥവാ ഓഡിറ്റോറിയം സജ്ജമാക്കുക, ഇരിപ്പിടങ്ങൾ കൊടുക്കുക, മേളസ്ഥലം കമാനങ്ങളുണ്ടാക്കി അലങ്കരിക്കുക, വൈദ്യുതി തടസ്സം നേരിട്ടാലും പരിപാടികൾ ഭംഗിയായി നടത്താവുന്ന തരത്തിലുള്ള വിളക്കുകൾ, വൈദ്യുത ജനറേറ്ററുകൾ ഇവ കരുതുക, പ്രദർശന സ്റ്റാളുകളും, നിർമ്മാണ മത്സരത്തിന് ആവശ്യമായ പന്തലും സ്ഥലവും വൈദ്യുതീകരിക്കുക, സെമിനാറിനുള്ള ശബ്ദവും, വെളിച്ചവും നല്കുക തുടങ്ങിയവ ഈ കമ്മിറ്റിയുടെ ചുമതലയായിരിക്കും.



### 3.2.14. ട്രോഫി കമ്മിറ്റി

സമ്മാനാർഹരായവർക്ക് ആവശ്യമായി വരുന്ന ട്രോഫികൾ തയ്യാറാക്കുക (ട്രോഫികൾ സംഭാവനയായി സ്വീകരിക്കാവുന്നതാണ്), മുൻവർഷങ്ങളിൽ കൊടുത്ത റോളിംഗ് ട്രോഫികൾ തിരിച്ച് വാങ്ങുക, ഇവാലുവേഷൻ കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുക, തുടങ്ങിയവ ഈ കമ്മിറ്റിയുടെ ചുമതലയാണ്.

സമാപന ചടങ്ങിൽ വെച്ച് സർട്ടിഫിക്കറ്റുകളും ട്രോഫികളും കൊടുക്കുന്നതിന് തയ്യാറായിരിക്കണം.

### 3.2.15. ധനകാര്യ കമ്മിറ്റി

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ അക്കൗണ്ട്സ് ഓഫീസർ ഫൈനാൻസ് കമ്മിറ്റി കൺവീനർ ആയിരിക്കും. സ്ഥലം വിദ്യാഭ്യസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ അക്കൗണ്ട്സ് ഓഫീസർ ട്രഷറർ ആയിരിക്കും. ഇവരെക്കൂടാതെ സംഘാടക കമ്മിറ്റി തെരഞ്ഞെടുക്കുന്നവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ കൺവീനർക്ക് കൂടുതൽ അംഗങ്ങളെ നോമിനേറ്റ് ചെയ്യാവുന്നതാണ്.

പണമായോ വിഭവങ്ങളായോ സ്വീകരിക്കുന്ന സംഭാവനകൾ അതാതു ദിവസം തന്നെ ട്രഷററെ ഏൽപ്പിക്കേണ്ടതും, ജനറൽ കൺവീനറും ട്രഷററും ഒപ്പിട്ട രസീതു നൽകുകയും ചെയ്യേണ്ടതാണ്. തുകകൾ ട്രഷററുടെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുകയും ജനറൽ കൺവീനറുടെ സമ്മതത്തോടെ മാത്രം പണം വാങ്ങുകയും ചെയ്യേണ്ടതാണ്.

സംഭാവനയായി ലഭിക്കുന്ന പണത്തിന്റെ കണക്കുകളും ചെലവുവിവരങ്ങളും കാണിക്കുന്ന ക്യാഷ് ബുക്ക് സൂക്ഷിക്കണം.

വിവിധ സബ് കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ധനകാര്യ കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

മുൻകൂട്ടി കാണാൻ കഴിയാതെ വരുന്ന ചെലവുകൾക്ക് അംഗീകാരം നൽകുക (പിന്നീട് സംഘാടക കമ്മിറ്റിയുടെ അംഗീകാരം തേടേണ്ടതാണ്).

പ്രവൃത്തിപരിചയമേള കഴിഞ്ഞാൽ വരവു ചെലവു കണക്കുകളുടെ പത്രിക തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുക. കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും ധനകാര്യ കമ്മിറ്റി കൺവീനറും ചേർന്ന് വേണം ഇതു ചെയ്യേണ്ടത്.

മേള കഴിഞ്ഞ് മൂന്നു മാസത്തിനകം ഓഡിറ്റു ചെയ്ത കണക്കുകൾ സംഘാടക കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം തേടിയിരിക്കണം.

### 3.2.16. സ്റ്റിയറിംഗ് കമ്മിറ്റി

മേൽപ്പറഞ്ഞ കമ്മിറ്റിക്ക് പുറമേ ഒരു സ്റ്റിയറിംഗ് കമ്മിറ്റി ഉണ്ടായിരിക്കും.

| | |
|---|---|
| ചെയർമാൻ | പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ |
| വൈസ് ചെയർമാൻ | പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ് |
| കൺവീനർ | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ കൺവീനർ) |
| അംഗങ്ങൾ | 1. പ്രവൃത്തി പരിചയ സ്പെഷ്യൽ ഓഫീസർ<br>2. പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്<br>3. സബ് കമ്മിറ്റി കൺവീനർമാർ |

#### 3.2.16.1. ചുമതലകൾ

1. അത്യാവശ്യ കാര്യങ്ങളിൽ അടിയന്തിരമായി തീരുമാനമെടുക്കുക.
2. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം അവലോകനം ചെയ്യലും ഏകോപിപ്പിക്കലും.
3. ഏതെങ്കിലും ഒരു കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു കണ്ടാൽ ആ കമ്മിറ്റിയുടെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുകയോ, മറ്റൊരു കമ്മിറ്റിയെ ഏൽപ്പിക്കുകയോ, പകരം കമ്മിറ്റിയെ നോമിനേറ്റ് ചെയ്യുകയോ ചെയ്യുക.

### 3.2.17. അപ്പീൽ കമ്മിറ്റി

| | |
|---|---|
| ചെയർമാൻ | പൊതു വിദ്യാഭ്യാസ ഡയറക്ടർ |
| വൈസ് ചെയർമാൻ | പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ |
| അംഗങ്ങൾ | 1. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ<br>2. ജില്ലാ വിദ്യാഭ്യാസ ഓഫീസർ<br>3. സ്പെഷ്യൽ ഓഫീസർ (പ്രവൃത്തി പരിചയം) |

<u>കുറിപ്പ്</u>

ചെയർമാനും അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് ചെയർമാനും രണ്ട് അംഗങ്ങളും ചേർന്നാൽ കമ്മിറ്റിക്ക് ആവശ്യമായ കോറം ആകും.



#### 3.2.17.1. ചുമതലകൾ

1. സംസ്ഥാന പ്രവൃത്തി പരിചയമേളയുടെ നടത്തിപ്പു സംബന്ധിച്ച പരാതികളിൽ ഉടനുടൻ തീർപ്പു കൽപ്പിക്കുക. (ജഡ്ജിമാർ നിശ്ചയിക്കുന്ന മത്സര ഫലങ്ങൾ അപ്പീലിനു വിധേയമായിരിക്കുകയില്ല.)
2. മേളയുടെ പരിപാടികളിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തുക.
3. ഏതെങ്കിലും മത്സരം നടത്തുവാനോ, ഉപേക്ഷിക്കുവാനോ ഉത്തരവിടുക.
4. ഏതെങ്കിലും വ്യക്തിയോ സംഘമോ തെറ്റായ രീതിയിൽ പെരുമാറുകയോ, കൃത്രിമം കാണിക്കുകയോ ചെയ്തെന്ന് ബോധ്യം വന്നാൽ ആ വ്യക്തിക്കോ സംഘത്തിനോ അയോഗ്യത കൽപ്പിക്കുക.

<u>കുറിപ്പ്</u>

അപ്പീൽ കമ്മിറ്റി മുഴുവൻ സമയവും മേളസ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്. ചെയർമാന് വേണം അപ്പീൽ സമർപ്പിക്കേണ്ടത്. ചെയർമാൻ രണ്ടു മണിക്കൂറിനകം കമ്മിറ്റി വിളിച്ചു കൂട്ടുകയും തീരുമാനമെടുത്ത് ഹർജിക്കാരനേയും കൺവീനറേയും അറിയിക്കുകയും വേണം.

## 3.3. സംസ്ഥാന പ്രവൃത്തിപരിചയമേളയുടെ പങ്ക്

ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജനറൽ കൺവീനർക്ക് നല്കുന്നതാണ്. മുൻ വർഷങ്ങളിലെ നീക്കിയിരിപ്പ് തുകയും ഇതോടൊന്നിച്ച് ജനറൽ കൺവീനറെ ഏല്പിക്കേണ്ടതാണ്.

ഇതിനു പുറമേ വേണ്ടിവരുന്ന തുക പൊതുജനങ്ങളിൽ നിന്നും സംഭാവനയായി സ്വീകരിക്കാവുന്നതാണ്. ഇതിന് കൺവീനറും ട്രഷററും ഒപ്പിട്ട രസീത് കൊടുക്കേണ്ടതാണ് (സംഭാവന പണമായും വിഭവങ്ങളായും സ്വീകരിക്കാം)

## 3.4. ചെലവും ഓഡിറ്റും

മേളയുടെ പൂർണ്ണമായ കണക്കുകൾ ധനകാര്യ കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ച ശേഷം ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. ഗവൺമെന്റ് ഗ്രാന്റായി നൽകുന്ന തുക പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസിന്റെ ഓഡിറ്റിന് വിധേയമാണ്. കണക്കുകൾ സംഘാടക കമ്മിറ്റിയുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും അംഗീകാരത്തിനു ശേഷം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

## 3.5. നീക്കിയിരുപ്പ്

പ്രവൃത്തി പരിചയമേളയുടെ നടത്തിപ്പിനു ശേഷമുള്ള തുക സംസ്ഥാന പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ച് പാസ്സ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. വരും കൊല്ലങ്ങളിലെ ആവശ്യത്തിലേക്ക് ഈ തുക ഉപയോഗിക്കാം.

### 3.6. ക്യാഷ് അവാർഡ്

നിർമ്മാണ മത്സരത്തിൽ ഓരോ ഇനത്തിലും ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതാണ്. ഈ ചെലവ് ഗവൺമെന്റ് ഗ്രാന്റായി നല്കുന്ന തുകയിൽ നിന്നോ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഫെസ്റ്റിവൽ ഫണ്ടിൽ നിന്നോ വഹിക്കേണ്ടതാണ്.

### 3.7. പ്രവേശന യോഗ്യത

സംസ്ഥാന പ്രവൃത്തിപരിചയമേളക്ക് അനുബന്ധം 3(എ), 4(എ) പ്രകാരമുള്ള പ്രദർശന വസ്തുക്കളും അനുബന്ധം 3(ബി), 4(ബി) പ്രകാരമുള്ള ഇനങ്ങളിൽ നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്കും പ്രവേശനത്തിന് അർഹതയുണ്ട്.

സ്കൂൾ പ്രഥമാദ്ധ്യാപകർ പൂരിപ്പിച്ച എൻട്രി ഫോമുകൾ ഒക്ടോബർ 25-നു മുമ്പ് ജനറൽ കൺവീനർക്ക് എത്തിച്ചു കൊടുക്കേണ്ടതാണ്.

മത്സരത്തിനു വരുന്ന വിദ്യാർത്ഥികൾ സ്കൂളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റും അതാത് സ്കൂൾ ഹെഡ്മാസ്റ്ററിൽ നിന്നും ലഭിക്കുന്ന ഐഡന്റിറ്റി കാർഡും കൊണ്ടുവരേണ്ടതാണ്. മത്സരസ്ഥലത്തു വെച്ച് ആവശ്യമെങ്കിൽ ടീം മാനേജർമാർ വിദ്യാർത്ഥികളെ ഐഡന്റിഫൈ ചെയ്തു തരേണ്ടതുമാണ്. ഒരു കാരണവശാലും എൻട്രിഫോമിലെ വിദ്യാർത്ഥികളുടെ പേര് തിരുത്തൽ ചെയ്യുന്നത് അനുവദനീയമല്ല.

നിർമ്മാണമത്സരത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ (Tools) മുതലായവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

പ്രദർശന മത്സരത്തിൽ പങ്കെടുക്കാൻ കൊണ്ടുവരുന്ന ഇനങ്ങളിൽ മൂല്യനിർണ്ണയം നടത്തേണ്ടതിലേക്ക് 3(എ), 4(എ) അനുസരിച്ചുള്ള ക്രമത്തിൽ ഇനങ്ങളുടെ പേര് എഴുതി പതിക്കേണ്ടതാണ്.

### 3.8. വിദ്യാർത്ഥികളും അനുഗമിക്കുന്ന അദ്ധ്യാപകരും

അനുബന്ധം 3(ബി), 4(ബി) പ്രകാരമുള്ള നിർമ്മാണമത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച എല്ലാ വിദ്യാർത്ഥികളും സംസ്ഥാന മേളയിൽ പങ്കെടുക്കാൻ അർഹരാണ്. കൂടാതെ പ്രദർശന സ്റ്റാളുകളിലെക്ക് 5 വിദ്യാർത്ഥികളെക്കൂടി കൊണ്ടുവരാവുന്നതാണ്.

ശ്രവണവൈകല്യമുള്ള അഞ്ചു വിദ്യാർത്ഥികൾക്കും, ദൃശ്യവൈകല്യമുള്ള മൂന്നു വിദ്യാർത്ഥികൾക്കും ഓരോ അദ്ധ്യാപകൻ എന്ന കണക്കിന് വിദ്യാർത്ഥികളെ അനുഗമിക്കാം. പെൺകുട്ടികൾ ഉണ്ടെങ്കിൽ ഒരു അദ്ധ്യാപികയെ



ങ്കിലും കൂടെ അനുഗമിക്കേണ്ടതാണ്. ടീം മാനേജർ മേളസ്ഥലത്തെത്തിയ ഉടൻ രജിസ്ട്രേഷൻ കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

### 3.9. മേളയുടെ പൊതുഘടന

സാധാരണയായി നവംബർ ആദ്യവാരത്തിലായിരിക്കും സംസ്ഥാന പ്രവൃത്തി പരിചയമേള നടത്തേണ്ടത്. തീയതി എല്ലാ സ്പെഷ്യൽ സ്കൂൾ പ്രഥമാദ്ധ്യാപകരേയും മുൻകൂട്ടി അറിയിക്കുന്നതായിരിക്കും.

| | |
|---|---|
| ഒന്നാം ദിവസം | രാവിലെ 8.30 നു പതാക ഉയർത്തൽ |
| | 9 മണി മുതൽ 2 മണി വരെ രജിസ്ട്രേഷൻ |
| | 4 മണിക്ക് ഉദ്ഘാടനം |
| രണ്ടാം ദിവസം | 2 മണി മുതൽ സ്പെഷ്യൽ സ്കൂളുകളുടെ രജിസ്ട്രേഷൻ |
| മൂന്നാം ദിവസം | 9.30 ന് നിർമ്മാണ മത്സരത്തിനുള്ളവർ അതാത് സ്ഥാനങ്ങളിൽ അസംസ്കൃത വസ്തുക്കളും പണിയായുധങ്ങളുമായി എത്തേണ്ടതാണ് |
| | 10 മണി മുതൽ 1 മണി വരെ (മൂന്നു മണിക്കൂർ) നിർമ്മാണമത്സരവും പ്രദർശന മൂല്യനിർണ്ണയവും |
| നാലാം ദിവസം | രാവിലെ 9 മണി മുതൽ പ്രദർശനം തുടരും |
| | രാവിലെ 10 മണി മുതൽ സെമിനാർ |
| | 3 മണിക്ക് സമാപന സമ്മേളനം |

(പ്രദർശനം എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 5.30 മണിവരെയായിരിക്കും വൈകിട്ട് 7 മണി മുതൽ കലാപരിപാടികൾ ഉണ്ടായിരിക്കും.)

..........................

## അനുബന്ധം 1 (എ)

### സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ദൃശ്യവൈകല്യം) പ്രദർശന വസ്തുക്കൾ

### Items for State Level Special School Exhibition for Visually Impaired

| | | |
|---|---|---|
| 1. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ചുള്ള സഞ്ചി, പൂപാത്രം, മുതലായവ | Bags, Flower Vase etc., using Plastic Cane |
| 2. | ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Bamboo Products |
| 3. | കയർകൊണ്ടുള്ള ചവിട്ടി, മെത്തകൾ | Coir door mats, coir mats etc., |
| 4. | വർണ്ണക്കടലാസുകൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | Paper Craft Products |
| 5. | മുത്തുകൾ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | Products using Beads |
| 6. | കാർഡ് / ചാർട്ട്കാർഡ്, സ്ട്രോ ബോർഡ്കോണ്ടുള്ള വസ്തുക്കൾ | Products using card/chart card and straw board |
| 7. | കോറപ്പുല്ല് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Products using Kora Grass |
| 8. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച് വരിഞ്ഞ ഉൽപ്പന്നങ്ങൾ | Products using Plastic Cane (Weaving) |
| 9. | ചൂരൽ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Products using Ratton |
| 10. | പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ | Products using waste materials |
| 11. | കുടകൾ | Umbrella |
| 12. | എഴുതാനുള്ള ചോക്ക് | Writing Chalk |
| 13. | പൊതുവിലുള്ള സ്റ്റാളിലെ പ്രദർശന സംവിധാനം | General display of items in the stall |

Note: നിർമ്മാണമത്സരത്തിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ നിർബ്ബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്.



## അനുബന്ധം 2 (എ)

### സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ശ്രവണവൈകല്യം) പ്രദർശന ഇനങ്ങൾ

### Items for State Level Special School Exhibition for Hearing Impaired

| | | |
|---|---|---|
| 1. | ചന്ദനത്തിരി | Agarbathi |
| 2. | ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Bamboo Products |
| 3. | വിവിധ തരം ബയന്റിംഗ് ചെയ്ത ബുക്കുകൾ | Book Binding Products |
| 4. | കളിമണ്ണ് / ചെളി കൊണ്ട് നിർമ്മിച്ച ഉൽപ്പന്നങ്ങൾ | Clay Models |
| 5. | ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Coconut Shell Products |
| 6. | കയർകൊണ്ടുള്ള ചവിട്ടി, മെത്തകൾ | Coir door mats, coir mats etc., |
| 7. | വെജിറ്റബിൾ പ്രിന്റിംഗ് ചെയ്ത ഉൽപ്പന്നങ്ങൾ | Fabric Printing Products using Vegetables |
| 8. | ലോഹത്തകിടിൽ കൊത്തിയെടുത്ത രൂപങ്ങൾ | Metal Engraving Models |
| 9. | ബാഡ്മിന്റൺ / വോളിബാൾ നെറ്റുകൾ | Nets (Badminton / Volley Ball) |
| 10. | വർണ്ണക്കടലാസുകൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | Paper Craft Products |
| 11. | ചിത്രത്തുന്നൽ കൊണ്ട് അലങ്കരിച്ച ഉൽപ്പന്നങ്ങൾ | Products decorated with Embroidery |
| 12. | മുത്തുകൾ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | Products using Beads |
| 13. | കാർഡ് / ചാർട്ട്കാർഡ്, സ്ട്രോബോർഡ് കൊണ്ടുള്ള വസ്തുക്കൾ | Products using Card / Chart Card and Straw Board |
| 14. | കോറപ്പുല്ല് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Products using Kora Grass |

## സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ശ്രവണവൈകല്യം) പ്രദർശന ഇനങ്ങൾ

## Items for State Level Special School Exhibition for Hearing Impaired

| | | |
|---|---|---|
| 15. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ചുള്ള സഞ്ചി, പൂപ്പാത്രം മുതലായവ | **Plastic Cane Work** |
| 16. | ചൂരൽ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | **Products using Ratton** |
| 17. | റെക്സിൻ, കാൻവാസ്, ലെതർ കൊണ്ടുള്ള ഉത്പ്പന്നങ്ങൾ | **Products using Rexin, Canvas and Leather** |
| 18. | പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ | **Products using Waste Materials** |
| 19. | തുന്നിയെടുത്ത വിവിധ തരം വസ്ത്രങ്ങൾ | **Readymade Garments** |
| 20. | കക്ക, ചിപ്പി മുതലായവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | **Sea Shell Products** |
| 21. | കുടകൾ | **Umbrella** |
| 22. | മരത്തിൽ കൊത്തുപണി ചെയ്ത രൂപങ്ങൾ | **Wood Carving Models** |
| 23. | പൊതുവിലുള്ള സ്റ്റാളിലെ പ്രദർശന സംവിധാനം | **General display of items in the stall** |

Note: നിർമ്മാണമത്സരത്തിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ നിർബ്ബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്.



## അനുബന്ധം 1 (ബി)

## സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ദൃശ്യവൈകല്യം) തത്സമയനിർമ്മാണ മത്സരയിനങ്ങൾ

## State Level Special School On-the-Spot Items for Visually Impaired

| | | |
|---|---|---|
| 1. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച് സഞ്ചി, പൂപാത്രം, മുതലായവ നിർമ്മിക്കൽ | **Bags, Flower Vase etc., using Plastic Cane** |
| 2. | ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | **Bamboo Products** |
| 3. | മുത്തുകൾ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | **Beads Work** |
| 4. | കാർഡ്, സ്ട്രോ ബോർഡ് ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ | **Card and Straw Board Works** |
| 5. | കയർകൊണ്ടുള്ള ചവിട്ടി മെത്തകൾ | **Coir Door Mats** |
| 6. | വർണ്ണക്കടലാസുകൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | **Paper Craft Products** |
| 7. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ചുള്ള വരിച്ചിൽ | **Plastic Cane Work (Weaving)** |
| 8. | കോറപ്പുല്ല് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | **Products using Kora Grass** |
| 9. | പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം | **Products using Waste Materials** |
| 10. | ചൂരൽപ്പണി | **Ratton Works** |
| 11. | കുട നിർമ്മാണം | **Umbrella Making** |
| 12. | എഴുതുന്നതിനുള്ള ചോക്ക് നിർമ്മാണം | **Writing Chalk Making** |

## അനുബന്ധം 2 (ബി)

### സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ശ്രവണവൈകല്യം) തത്സമയനിർമ്മാണ മത്സരയിനങ്ങൾ (പ്രൈമറി/ഹൈസകൂൾ)

### State Level Special School On-the-Spot Items for Hearing Impaired (UP/HS)

| | | |
|---|---|---|
| 1. | ചന്ദനത്തിരി നിർമ്മാണം | Agarbathi Making |
| 2. | ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Bamboo Products |
| 3. | മുത്തുകൾ കൊണ്ടുള്ള വിവിധ ഉൽപ്പന്നങ്ങൾ | Beads Work |
| 4. | ബുക്ക് ബയന്റിംഗ് | Book Binding |
| 5. | കാർഡ്; സ്ട്രോ ബോർഡ് ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ | Card and Straw Board Works |
| 6. | കളിമണ്ണ് / ചെളി കൊണ്ട് രൂപം നിർമ്മിക്കൽ | Clay Modelling |
| 7. | ചിരട്ട കൊണ്ട് ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ | Coconut Shell Work |
| 8. | കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ | Coir Door Mats |
| 9. | ചിത്രത്തുന്നൽ (അലങ്കാര തയ്യൽ) | Embroidery |
| 10. | വെജിറ്റബിൾ പ്രിന്റിംഗ് | Fabric Printing using Vegetables |
| 11. | തുന്നിയെടുത്ത വിവിധ തരം വസ്ത്രങ്ങൾ | Garments Making |
| 12. | ലോഹത്തകിടിൽ കൊത്തുപണി | Metal Engraving |
| 13. | ബാഡ്മിന്റൺ / വോളിബാൾ നെറ്റ് നിർമ്മാണം | Net Making (Badminton / Volley Ball) |
| 14. | വർണ്ണക്കടലാസുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ | Paper Craft |
| 15. | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച് സഞ്ചി, പൂപ്പാത്രം നിർമ്മാണം | Plastic Cane Work |



### സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ശ്രവണവൈകല്യം) തത്സമയനിർമ്മാണ മത്സരയിനങ്ങൾ (പ്രൈമറി/ഹൈസകൂൾ)

### State Level Special School On-the-Spot Items for Hearing Impaired (UP/HS)

| | | |
|---|---|---|
| 16. | കോറപ്പുല്ല് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Products using Kora Grass |
| 17. | റെക്സിൻ, കാൻവാസ്, ലെതർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ | Products using Rexin, Canvas and Leather |
| 18. | പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം | Products using Waste Materials |
| 19. | ചൂരൽപ്പണി | Ratton Works |
| 20. | കക്ക, ചിപ്പി മുതലായവ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ | Sea Shell Work |
| 21. | കുട നിർമ്മാണം | Umbrella Making |
| 22. | മരത്തിൽ കൊത്തുപണി | Wood Carving |

# അനുബന്ധം 1 (ബി)

## സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ദൃശ്യവൈകല്യം) തത്സമയ നിർമ്മാണ മത്സരയിനങ്ങൾ

## State Level Special School On-the-Spot Items for Visually Impaired

| | |
|---|---|
| 1. പ്ലാസ്റ്റിക് കെയിൻ ഉപയോഗിച്ച് സഞ്ചി, പൂപ്പാത്രം മുതലായവ നിർമ്മിക്കൽ<br><br>(Bags, Flower Vase etc., using Plastic Cane) | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച് സഞ്ചി, പൂപ്പാത്രം അതുപോലെയുള്ള ഉപയോഗയോഗ്യമായ ഉൽപ്പന്നങ്ങളാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് കെയ്ൻ റോളായിട്ട് കൊണ്ടുവരണം. ഒരു പ്രത്യേക ഉൽപ്പന്നത്തിന്റെ നിർമ്മിതിക്കനുയോജ്യമായ അളവിൽ മുറിച്ച് കൊണ്ടുവരാൻ പാടില്ല. ഈ മത്സരയിനത്തിൽ നൈലോൺ നൂല്, പ്ലാസ്റ്റിക് ട്യൂബ്, പ്ലാസ്റ്റിക് റിബൺ, മുത്തുകൾ എന്നിവ അനുവദനീയമല്ല. ഉൽപ്പന്നം പൂർത്തീകരിച്ചിരിക്കണം. |
| 2. ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ<br><br>(Bamboo Products) | ഈറ, മുള പൊളിയാക്കി മൽസരസ്ഥലത്തു കൊണ്ടു വരാവുന്നതാണ്. മൽസരസ്ഥലത്തു വെച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്ന ഉപയോഗ യോഗ്യവും മേൻമയുമുള്ള ഉൽപ്പന്നങ്ങളാണ് പ്രതീക്ഷിക്കുന്നത്. പൊളികൾക്ക് നിറം പിടിപ്പിക്കാവുന്നതാണ്. ഈറ, മുള പൊളിയാക്കുന്ന രീതി നിർബന്ധമായും മൽസരസ്ഥലത്ത് ചെയ്ത് കാണിക്കേണ്ടതാണ്. |
| 3. മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ<br><br>(Beads Work) | മുത്തുകൾ ഉപയോഗിച്ചുള്ള വിവിധയിനം ആഭരണങ്ങളാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക്കോ അല്ലാത്തതോ ആയ വിവിധയിനം മുത്തുകൾ ഉപയോഗിക്കാം. നല്ല മാതൃക, നിറങ്ങളുടെ യോജിപ്പ്, വൈദഗ്ധ്യം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടുന്നതാണ്. |



| | |
|---|---|
| 4. കാർഡ്, ചാർട്ട്കാർഡ്, സ്ട്രോബോർഡ് ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ<br><br>(Products using Paper Card, Chart Card and Straw Board) | 1. ലേസിട്ട് തയ്യാറാക്കിയ 35cm X 25cm ഓഫീസ് ഫയൽ.<br>2. കാർഡ് ഉപയോഗിച്ച് ജ്യാമിതീയ മോഡലുകൾ.<br>3. 32 ഔൺസ് ബോർഡ് ഉപയോഗിച്ച് ഓഫീസ് ഫയൽ ബോർഡ് (സ്റ്റാൻഡേർഡ് വലിപ്പം 23cm X 32cm).<br>4. 64 ഔൺസ് ബോർഡ് ഉപയോഗിച്ച് 76cm X 39cm വലിപ്പത്തിൽ വച്ചെഴുതാനുള്ള ബോർഡ്.<br>5. 8 ഔൺസ് ബോർഡ് ഉപയോഗിച്ച് ഒരു പെട്ടി.<br><br>മേൽപ്പറഞ്ഞയിനങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും പണിയായുധങ്ങളും കുട്ടികൾ കൊണ്ടുവരേണ്ടതാണ്. ഉൽപ്പന്നങ്ങളുടെ പ്രത്യേകതയും ആവശ്യകതയും കുട്ടികൾ അറിഞ്ഞിരിക്കണം. ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിന് ജഡ്ജിമാർ പ്രത്യേകം ചോദ്യങ്ങൾ നൽകുന്നതായിരിക്കും. |
| 5. കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ<br><br>(Coir Door Mats) | ചായം പിടിപ്പിച്ചതോ അല്ലാത്തതോ ആയ വിവിധയിനം കയർ, ചട്ടം (Frame) മറ്റുപകരണങ്ങൾ എന്നിവ മൽസരസ്ഥലത്ത് കൊണ്ടുവരാവുന്നതാണ്. മൂന്നു മണിക്കൂർ സമയം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നത്ര എണ്ണം തയ്യാറാക്കാവുന്നതാണ്. |
| 6. വർണ്ണകടലാസു കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ<br><br>(Paper Craft) | ടിഷ്യൂ, ക്രേപ്പ്, വാർണിഷ് കോട്ടഡ്, വെൽവെറ്റ് തുടങ്ങിയ വിവിധയിനം കടലാസുകൾ ഉപയോഗിച്ച് വിവിധങ്ങളായ കടലാസ് പൂക്കൾ, ഇലകൾ എന്നിവ തയ്യാറാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. പ്രകൃതിയിൽ കാണുന്ന പൂക്കളോടും ഇലകളോടും അതിന്റെ ഘടനയോടും താദാത്മ്യം പ്രാപിക്കാൻ ഈ പ്രവർത്തനത്തിൽ |

| | |
|---|---|
| | കഴിയേണ്ടതാണ്. അതിന് സൂക്ഷ്മമായ പഠനം ആവശ്യമാണ്. ഏതെങ്കിലും ഒരു ഉൽപ്പന്നത്തെ ലക്ഷ്യമാക്കി മുറിച്ച് രൂപപ്പെടുത്തിക്കൊണ്ടു വരാൻ പാടില്ല. പ്രവർത്തനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരാവുന്നതാണ് |
| 7.പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ചുള്ള വരിച്ചിൽ (Plastic Cane Work (Weaving)) | പ്ലാസ്റ്റിക് കെയ്ൻ റോളായിട്ട് കൊണ്ടുവരേണ്ടതാണ്. മരം കൊണ്ടോ, ലോഹത്തിലോ നിർമ്മിച്ച ആവശ്യമായ ഫ്രെയിം കുട്ടികൾ തന്നെ കൊണ്ടുവരണം. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്ന മോഡൽ തെരഞ്ഞെടുക്കേണ്ടതാണ്. |
| 8.കോറപ്പുല്ല് കൊണ്ട് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ (Products using Kora Grass) | ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള തറി, ചട്ടം, നിറം പിടിപ്പിച്ചതോ അല്ലാത്തതോ ആയ കോറപ്പുല്ല്, നൂല്, സൂചി, നാട എന്നിവ കൊണ്ടുവരാവുന്നതാണ്. തറി ഉപയോഗിക്കുന്ന വർക്ക് പാവ് ഇടുന്നതിന് മാത്രം ഒരാളെ സഹായിയായി ഉപയോഗിക്കാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുന്ന ഉൽപ്പന്നം തെരഞ്ഞെടുക്കേണ്ടതാണ്. |
| 9.പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം (Products using Waste Materials) | പാഴ്‌വസ്തുക്കൾ കൊണ്ട് പഠന സഹായികൾ അലങ്കാര വസ്തുക്കൾ, ചെലവു കുറഞ്ഞ മറ്റു ഉപയോഗ്യോഗ്യമായ വസ്തുക്കൾ എന്നിവയുടെ നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ യാതൊരു രൂപങ്ങളോ, പാകപ്പെടുത്തിയ മറ്റു വസ്തുക്കളോ അനുവദനീയമല്ല. |
| 10.ചൂരൽപ്പണി (Ratton Works) | ചൂരൽ മുഴുവനായോ, പൊളി (അളി)-യായോ കൊണ്ടുവരാം. ഉപയോഗയോഗ്യമായതും, മൂന്നു മണിക്കൂറിനുള്ളിൽ പൂർത്തിയാക്കാവുന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. |



| | |
|---|---|
| 11.കുട നിർമ്മാണം (Umbrella Making) | രണ്ടു മടക്കുള്ള കുടക്കുള്ള കാലും, പിടിയും, കമ്പിയും യൂണിറ്റായും, തുണി, കൈപിടി, മുതലായവ പ്രത്യേകമായും കൊണ്ടുവരേണ്ടതാണ്. തുണി തുന്നിപ്പിടിപ്പിക്കൽ, ക്യാപ്പ്, കൈപിടി, മുതലായവ പിടിപ്പിക്കൽ എന്നിവ മത്സരസ്ഥലത്ത് ചെയ്യേണ്ടതാണ്. എത്ര കുട വേണമെങ്കിലും നിർമ്മിക്കാവുന്നതാണ്. |
| 12.എഴുതുന്നതിനുള്ള ചോക്ക് നിർമ്മാണം (Writing Chalk Making) | മൽസരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ മോൾഡുകൾ ഉപയോഗിച്ച് തന്നെ നിർമ്മാണം നടത്തേണ്ടതാണ്. ഒന്നിലധികം മോൾഡുകൾ ഉപയോഗിക്കാവുന്നതാണ്. അസംസ്കൃത വസ്തുക്കൾ ഗുണനിലവാരം പരിശോധിച്ച് കൊണ്ടുവരേണ്ടതാണ്. ഉപയോഗിക്കുന്ന മോൾഡിന്റെ കപ്പാസിറ്റി അനുസരിച്ച് ആവശ്യമായ പൊടിയുടെ അളവും ചേർക്കേണ്ട വെള്ളത്തിന്റെ അളവും കൃത്യമായി കുട്ടികൾ അറിഞ്ഞിരിക്കണം. വെളുത്ത ചോക്കും നിർമ്മിക്കണം. ഉൽപ്പന്നത്തിന്റെ ഗുണനിലവാരം, ഉപയോഗിച്ച മോൾഡിന്റെ കപ്പാസിറ്റിക്കനുസരണമായ ഉൽപ്പാദനക്ഷമത, പ്രവർത്തനങ്ങളിൽ കുട്ടിയുടെ ചിട്ടയായ പ്രവർത്തന വൈദഗ്ധ്യം മുതലായവയെ ആശ്രയിച്ചായിരിക്കും വിലയിരുത്തൽ. |

## അനുബന്ധം 2 - (ബി)

### സംസ്ഥാനതല സ്പെഷ്യൽ സ്കൂൾ (ശ്രവണവൈകല്യം) തത്സമയ നിർമ്മാണ മത്സരയിനങ്ങൾ (പ്രൈമറി/ഹൈസ്കൂൾ)

### State Level Special School On-the-Spot Items for Hearing Impaired (UP/HS)

| | |
|---|---|
| 1. ചന്ദനത്തിരി (Agarbathi) | തിരി നിർമ്മാണത്തിന് ആവശ്യമായ എല്ലാ പൊടികളും പ്രത്യേകം പാക്കറ്റുകളിൽ കൊണ്ടുവരേണ്ടതാണ്. കമ്പ് കളർ ചെയ്ത് കൊണ്ടുവരാം. മൽസരസ്ഥലത്തുവെച്ച് മാവ് (കൂട്ട്) തയ്യാറാക്കേണ്ടതാണ്. മണം കൊടുക്കുവാനുള്ള ലായനി തയ്യാറാക്കി കൊണ്ടുവരാവുന്നതാണ്. തിരി പൊതിയുന്നതിനുള്ള ഇന്നർ കവറും കൂടും (പെട്ടി) മൽസരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. |
| 2. ഈറ / മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Bamboo Products) | ഈറ, മുള പൊളിയാക്കി മൽസരസ്ഥലത്ത് കൊണ്ടുവരാവുന്നതാണ്. മൽസരസ്ഥലത്തുവെച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്ന ഉപയോഗയോഗ്യവും മേൻമയുമുള്ള ഉൽപ്പന്നങ്ങളാണ് പ്രതീക്ഷിക്കുന്നത്. പൊളികൾക്ക് നിറം പിടിപ്പിക്കാവുന്നതാണ്. |
| 3. മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Beads Work) | മുത്തുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വിവിധയിനം ആഭരണങ്ങളും, അലങ്കാര വസ്തുക്കളുമാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക്കോ അല്ലാത്തതോ ആയ വിവിധയിനം മുത്തുകൾ ഉപയോഗിക്കാം. നല്ല മാതൃക, നിറങ്ങളുടെ യോജിപ്പ്, വൈദഗ്ധ്യം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടുന്നതാണ്. ഫ്രെയിമുകൾ ഉപയോഗിക്കാവുന്നതാണ്. |



| | |
|---|---|
| 4. ബുക്ക് ബൈന്റിംഗ് (Book Binding) | 192 പേജ് ക്വാർട്ടർ ക്ലോത്ത്, ലിംബ്, രീതികളിൽ ബയിന്റ് ചെയ്ത ഓരോ ബുക്കും 120, 80 പേജുകളിലുള്ള സാധാരണ സൈസിലുള്ള ഓരോ ബുക്കും നിർമ്മിച്ചിരിക്കണം. കൂടുതൽ ബുക്കുകൾ നിർമ്മിക്കാവുന്നതാണ്. |
| 5. കാർഡ്, ചാർട്ട്കാർഡ്, സ്ട്രോബോർഡ് ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ (Products using Paper Card, Chart Card and Straw Board) | 1. ലേസിട്ട് തയ്യാറാക്കിയ 35cm X 25cm ഓഫീസ് ഫയൽ.<br>2. കാർഡ് ഉപയോഗിച്ച് ജ്യാമിതീയ മോഡലുകൾ.<br>3. 32 ഔൺസ് ബോർഡ് ഉപയോഗിച്ച് ഓഫീസ് ഫയൽബോർഡ് (സ്റ്റാൻഡേർഡ് വലിപ്പം 23cm X 32cm).<br>4. 8 ഔൺസ് ബോർഡുപയോഗിച്ച് പെട്ടി.<br>മേൽപ്പറഞ്ഞ ഇനങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും പണിയായുധങ്ങളും കുട്ടികൾ കൊണ്ടുവരേണ്ടതാണ്. ഉൽപ്പന്നങ്ങളുടെ പ്രത്യേകതയും ആവശ്യകതയും കുട്ടികൾ അറിഞ്ഞിരിക്കണം. |
| 6. കളിമണ്ണ് / ചെളി കൊണ്ട് രൂപം നിർമ്മിക്കൽ (Modelling with Clay) | പാകപ്പെടുത്തിയ കളിമണ്ണും / ചെളിയും മറ്റുപകരണങ്ങളും കൊണ്ടുവരണം. ജഡ്ജിമാരുടെ നിർദ്ദേശാനുസരണം രൂപം തയ്യാറാക്കുക. |
| 7. ചിരട്ടകൊണ്ടുള്ള ഉൽപന്നങ്ങൾ (Coconut Shell Products) | ചിരട്ടയുടെ ചവറുകളയുക, മിനുസപ്പെടുത്തുക, മുറിക്കുക, പോളിഷ് ചെയ്യുക മുതലായ ജോലികൾ മൽസരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. വൈദ്യുത യന്ത്രങ്ങൾ നിർമ്മാണത്തിന് ഉപയോഗിക്കുവാൻ പാടില്ല. ഉൽപ്പന്നത്തിൽ ചിരട്ടയുടെ പങ്കിനും പൂർത്തീകരണത്തിനുമായിരിക്കും പ്രാധാന്യം നൽകുന്നത്. |
| 8. കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ (Coir Door Mats) | ചായം പിടിപ്പിച്ചതോ അല്ലാത്തതോ ആയ വിവിധയിനം കയർ, ചട്ടം (Frame) മറ്റുപകരണങ്ങൾ എന്നിവ മൽസരസ്ഥലത്ത് കൊണ്ടു |

വരാവുന്നതാണ്. മൂന്നു മണിക്കൂർ സമയം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നത്ര എണ്ണം തയ്യാറാക്കാവുന്നതാണ്.

| | |
|---|---|
| 9. ചിത്രത്തുന്നൽ (അലങ്കാര തയ്യൽ)<br><br>(Embroidery) | ഒരു കുഷ്യൻ കവറിനോ, തലയിണ കവറിനോ പറ്റിയ വലിപ്പത്തിലുള്ള യോജിച്ച തുണിയും, വിവിധ നിറങ്ങളിലുള്ള നൂലുകളും തയ്യലിന് ആവശ്യമായ ഫ്രെയിം, കത്രിക, കാർബൺ പേപ്പർ, പെൻസിൽ മുതലായവയും കൊണ്ടു വരാവുന്നതാണ്. മത്സരസ്ഥലത്ത് തരുന്ന ചിത്രം തുണിയിൽ വരച്ച് തുന്നി പൂർത്തിയാക്കണം. ചിത്രത്തിന്റെ സ്വഭാവമനുസരിച്ച് അനുയോജ്യമായ സ്റ്റിച്ചസ് ഉപയോഗിക്കേണ്ടതാണ്. മെഷീനും, മാറ്റി ക്ലോത്തും ഒഴിവാക്കേണ്ടതാണ്. തയ്യലുകളുടെ സംവിധാനം, വിവിധയിനം തയ്യലുകൾ, നിറങ്ങളുടെ യോജിപ്പ്, കാര്യക്ഷമത എന്നിവ കണക്കിലെടുക്കപ്പെടും. |
| 10. വെജിറ്റബിൾ പ്രിന്റിംഗ്<br><br>(Fabric Printing using Vegetables) | ചുരുങ്ങിയത് 100cm X 100cm വലിപ്പമുള്ള പോപ്ലീൻ തുണിയും ഫാബ്രിക് പെയിന്റ്, വിവിധയിനം പച്ചക്കറികൾ, തണ്ട്, സ്പോഞ്ച് തുടങ്ങിയ അത്യാവശ്യവസ്തുക്കളും കൊണ്ടുവരാം. പച്ചക്കറികളിൽ ഡിസൈൻ തയ്യാറാക്കി പില്ലോ കവറോ ടേബിൾ ക്ലോത്തോ, ബെഡ് ഷീറ്റോ, സാരിയോ ഡിസൈൻചെയ്യുക എന്ന പ്രവർത്തിയാണ് ഉദ്ദേശിക്കുന്നത്. വിവിധ ഡിസൈനുകളുടെയും നിറങ്ങളുടേയും കോമ്പിനേഷൻ, വൃത്തി, വൈദഗ്ദ്ധ്യം എന്നിവ പ്രത്യേകം പരിഗണിക്കപ്പെടുന്നതാണ്. പച്ചക്കറികളിൽ ഡിസൈൻ തയ്യാറാക്കുന്നത് മത്സരസ്ഥലത്ത് തന്നെയായിരിക്കണം. |
| 11. തുന്നിയെടുത്ത വിവിധതരം വസ്ത്രങ്ങൾ<br><br>(Garment Making) | ഈ മത്സരയിനത്തിൽ യാതൊരു തരത്തിലുമുള്ള യന്ത്രങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. രണ്ടു മീറ്റർ തുണി (കുട്ടിയുടുപ്പുകൾ തയ്യാറാക്കാൻ പറ്റിയത്) സൂചി, നൂൽ, ലേസ്, |



കത്രിക, സ്കെയിൽ, പെൻസിൽ തുടങ്ങിയ എല്ലാ വസ്തുക്കളും കുട്ടികൾ മത്സരസ്ഥലത്ത് കൊണ്ടുവരണം. ജഡ്ജിമാർ നൽകുന്ന ചോദ്യത്തിനനുസരണമായി കൈ കൊണ്ടു തുന്നി പൂർത്തിയാക്കേണ്ടതാണ്.

| | |
|---|---|
| 12. ലോഹത്തകിടിൽ കൊത്തുപണി<br><br>(Metal Engraving) | അലുമിനിയം / ചെമ്പ് തകിടിൽ കൊത്തുപണി ചെയ്യുക എന്നതാണുദ്ദേശിക്കുന്നത്. തകിടിന്റെ വലിപ്പം 60cm X 40cm അയിരിക്കണം. തകിടിൽ അടയാളപ്പെടുത്തുന്നതും, ചിത്രങ്ങൾ വരയ്ക്കുന്നതും മൽസരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. തകിടിന്റെ പ്രതലം മുൻകൂട്ടി ഫ്രെയിം ചെയ്തും, പെയിന്റ് ചെയ്തും കൊണ്ടുവരാം. പണിക്ക് എൻഗ്രേവിംഗ് ഉപകരണങ്ങൾ മാത്രം ഉപയോഗിക്കേണ്ടതാണ്. കൊത്തുപണി ചെയ്യുവാനുള്ള രേഖാചിത്രം മൽസരസ്ഥലത്ത് നൽകുന്നതാണ്. |
| 13. ബാഡ്മിന്റൺ നെറ്റ് / വോളി ബോൾ നെറ്റ് നിർമ്മാണം<br>Net Making (Badminton / Volley Ball) | ആവശ്യമായ പരുത്തിച്ചരട്, നാട, തുന്നൽ സൂചി, സ്കെയിൽ, എന്നിവ കുട്ടികൾ കൊണ്ടുവരണം. സ്റ്റാൻഡേർഡ് വലിപ്പത്തിൽ നെറ്റു കെട്ടി നാട ഇട്ട് തുന്നി പൂർത്തിയാക്കണം. |
| 14. വർണ്ണകടലാസു കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ<br><br>(Paper Craft) | ടിഷ്യു, ക്രേപ്പ്, വാർണിഷ് കോട്ടഡ്, വെൽവെറ്റ് തുടങ്ങിയ വിവിധ തരം കടലാസുകൾ ഉപയോഗിച്ച് വിവിധയിനം കടലാസു പൂക്കൾ, ഇലകൾ എന്നിവ തയ്യാറാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. പ്രകൃതിയിൽ കാണുന്ന പൂക്കളോടും ഇലകളോടും അതിന്റെ ഘടനയോടും താദാത്മ്യം പ്രാപിക്കാൻ ഈ പ്രവർത്തനത്തിൽ കഴിയേണ്ടതാണ്. അതിന് സൂക്ഷ്മമായ പഠനം ആവശ്യമാണ്. ഏതെങ്കിലും ഒരു ഉൽപ്പന്നത്തെ ലക്ഷ്യമാക്കി മുറിച്ച് രൂപപ്പെടുത്തിക്കൊണ്ടുവരാൻ പാടില്ല. പ്രവർത്തനത്തിനാ |

| | |
|---|---|
| | വശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരാവുന്നതാണ്. |
| 15. പ്ലാസ്റ്റിക് കെയിൻ ഉപയോഗിച്ച് സഞ്ചി, പുപ്പാത്രം മുതലായവ നിർമ്മിക്കൽ<br><br>**(Bags, Flower Vase etc., using Plastic Cane)** | പ്ലാസ്റ്റിക് കെയ്ൻ ഉപയോഗിച്ച് സഞ്ചി, പുപ്പാത്രം അതുപോലെയുള്ള ഉപയോഗയോഗ്യമായ ഉൽപ്പന്നങ്ങളാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് കെയ്ൻ റോളായി കൊണ്ടുവരണം. ഒരു പ്രത്യേക ഉൽപ്പന്നത്തിന്റെ നിർമ്മിതിക്കനുയോജ്യമായ അളവിൽ മുറിച്ച് കൊണ്ടുവരാൻ പാടില്ല. ഈ മത്സരയിനത്തിൽ നൈലോൺ നൂല്, പ്ലാസ്റ്റിക് ട്യൂബ്, പ്ലാസ്റ്റിക് റിബൺ, മുത്തുകൾ എന്നിവ അനുവദനീയമല്ല. ഉൽപ്പന്നം പൂർത്തീകരിച്ചിരിക്കണം. |
| 16. കോറപ്പുല്ല് കൊണ്ട് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ<br><br>**(Products using Kora Grass)** | ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള തറി, ചട്ടം, നിറം പിടിപ്പിച്ചതോ അല്ലാത്തതോ ആയ കോറപ്പുല്ല്, നൂല്, സൂചി, നാട എന്നിവ കൊണ്ടുവരാവുന്നതാണ്. തറി ഉപയോഗിക്കുന്നവർക്ക് പാവ് ഇടുന്നതിന് മാത്രം ഒരാളെ സഹായിയായി ഉപയോഗിക്കാവുന്നതാണ്. |
| 17. റെക്സിൻ, കാൻവാസ്, ലെതർ ഉപയോഗി ച്ചുള്ള ഉല്പന്നങ്ങൾ<br><br>**(Products using Rexin, Canvas and Leather)** | നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഉത്പ്പന്നങ്ങളുടെ എല്ലാ ഘടകങ്ങളും മത്സരസ്ഥലത്ത് വെച്ച് മുറിച്ച് രൂപപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. മുൻകൂട്ടി തയ്യാറാക്കിയതോ, രൂപപ്പെടുത്തിയതോ ആയ ഘടകങ്ങളോ വസ്തുക്കളോ അനുവദനീയമല്ല. നിത്യോപയോഗപ്രദമായ ഉൽപ്പന്നങ്ങളായിരിക്കണം നിർമ്മിക്കേണ്ടത്. ആവശ്യമായ അസംസ്കൃത വസ്തുക്കളും, ഉപകരണങ്ങളും കുട്ടികൾ തന്നെ കൊണ്ടുവരേണ്ടതാണ്. |
| 18. പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം<br><br>**(Products using Waste Materials)** | പാഴ്‌വസ്തുക്കൾ കൊണ്ട് പഠന സഹായികൾ, അലങ്കാര വസ്തുക്കൾ, ഉപയോഗയോഗ്യമായ ചെലവു കുറഞ്ഞ വസ്തുക്കൾ എന്നിവയുടെ നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. മുൻ കൂട്ടി തയ്യാറാക്കിയ രൂപങ്ങളോ, പാകപ്പെടുത്തിയ വസ്തുക്കളോ അനുവദനീയമല്ല. |



| | |
|---|---|
| 19. ചൂരൽപ്പണി<br><br>**(Ratton Works)** | ചൂരൽ മുഴുവനായോ, പൊളി (അളി) യായോ കൊണ്ടുവരാം. ഉപയോഗ യോഗ്യമായതും, നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാവുന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. |
| 20. കക്ക, ചിപ്പി, മുതലായവ കൊണ്ട് ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ<br><br>**(Sea Shell Work)** | ചിത്രങ്ങൾ വരക്കുക, അടയാളപ്പെടുത്തുക, ഒട്ടിക്കുക, മുതലായ എല്ലാ പ്രവർത്തനങ്ങളും മത്സരസ്ഥലത്ത് ചെയ്യേണ്ടതാണ്. നിറം പിടിപ്പിച്ച കക്കകൾ, നേരത്തേ വരച്ച ചിത്രങ്ങൾ, മാതൃകകൾ എന്നിവ കൊണ്ടുവരാൻ പാടില്ല. പാഠ്യഭാഗങ്ങളെ സഹായിക്കുന്ന രൂപങ്ങൾ, ഭംഗി, ഉൽപ്പന്നങ്ങളുടെ പൂർത്തീകരണം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. |
| 21. കുട നിർമ്മാണം<br><br>**(Umbrella Making)** | സാധാരണ ഉപയോഗത്തിലുള്ള ഒരു കുടയും, ആധുനിക രീതിയിലുള്ള (ഫോൾഡിംഗ് ടൈപ്പ്) കുടയും നിർമ്മിക്കേണ്ടതാണ്. ആണി ഉറപ്പിക്കൽ, കമ്പി കെട്ടി ഉറപ്പിക്കൽ തുണിയുടെ മുട് തുന്നൽ, യോജിപ്പിക്കൽ എന്നീ ജോലികൾ മൽസരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ കൂടുതൽ കുടകൾ എത്ര വേണമെങ്കിലും നിർമ്മിക്കാം. |
| 22. മരത്തിൽകൊത്തുപണി<br><br>**(Wood Carving)** | തടിയിൽ / പലകയിൽ കൊത്തുപണി ചെയ്യുക എന്ന പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. ചിന്തേരിടുക, അടയാളപ്പെടുത്തുക, വരയ്ക്കുക തുടങ്ങി എല്ലാ പണികളും മൽസരസ്ഥലത്തുവെച്ച് മാത്രമേ ചെയ്യുവാൻ പാടുള്ളൂ. കൊത്തുപണികൾക്ക് അനുയോജ്യമായ പണിയായുധങ്ങൾ ഉപയോഗിക്കണം. കടലാസിൽ വരച്ച രേഖാചിത്രങ്ങൾ അനുവദനീയമാണ്. വൈദ്യുതയന്ത്രങ്ങൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പാടില്ല. |